പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2488 — 08.03.2017 ൽ മറുപടിയ്ക്ക്

## സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.ദിവാകരൻ | | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| എ) | സംസ്ഥാനത്ത് സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | എ) | സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ വൈസ് പ്രസിഡന്റ് ശ്രീമതി.മേഴ്സിക്കുട്ടൻ. അഡ്മിനിസ്ട്രേറ്റീവ് ബോർഡ് അംഗങ്ങളായ ശ്രീ.എം.ആർ.രഞ്ജിത്ത്, ശ്രീ.ജോർജ്ജ് തോമസ് എന്നിവർ ഉൾപ്പെട്ട ഒരു മൂന്നംഗ സമിതിയെ പോരായ്മകൾ സംബന്ധിച്ച് പഠിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ കേരള സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ബോർഡ് ചുമതലപ്പെടുത്തിയിരുന്നു. ടി സമിതി ഹോസ്റ്റലുകൾ നേരിട്ട് സന്ദർശിച്ച് കായിക താരങ്ങളുടെ പ്രകടനം സ്ഥാപനങ്ങളിൽ നിന്നുള്ള പിൻതുണ ഭക്ഷണം, താമസ സൗകര്യം. കളിക്കുന്നതിന്/ പഠിക്കുന്നതിനുള്ള സൗകര്യങ്ങൾ, മറ്റ് സാഹചര്യങ്ങൾ എന്നിവ പ്രത്യേകം പ്രത്യേകം പരിഗണിച്ച് ഹോസ്റ്റലുകളെ കാറ്റഗറി എ, കാറ്റഗറി ബി, കാറ്റഗറി സി. കാറ്റഗറി ഡി വിഭാഗങ്ങളായി തരം തിരിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്<br>എല്ലാ ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറിമാരും, ജില്ലാ സ്പോർട്സ് ഓഫീസർമാരോടും ഹോസ്റ്റൽ പരിശോധിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഹോസ്റ്റലുകളിലെ ബോർഡിംഗ്/ലോഡ്ജിംഗ് ബില്ലുകൾ പരിശോധിച്ച് കൗണ്ടർസൈൻ ചെയ്ത് സംസ്ഥാന സ്പോർട്സ് കൗൺസിലിൽ ലഭ്യമാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ടെക്നിക്കൽ ഓഫീസർക്കും ഹോസ്റ്റൽ പരിശോധിക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ജില്ല സ്പോർട്സ് കൗൺസിലുകൾ സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം പരിശോധിക്കാറുണ്ടോ എന്ന് വ്യക്തമാക്കാമോ: ഉണ്ടെങ്കിൽ ഇക്കഴിഞ്ഞ ജനുവരി 31 വരെ എത്ര ഹോസ്റ്റലുകളിൽ പരിശോധന നടത്തിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ? | ബി) | പരിശോധിക്കാറുണ്ട്. സ്പോർട്സ് ഹോസ്റ്റലുകളിൽ ജില്ലാ സ്പോർട്സ് കൗൺസിൽ നടത്തിയ പരിശോധനയുടെ വിശദാംശം ജില്ലാടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്നു: |

| ജില്ല | സെൻട്രലൈസ്ഡ് | കോളേജ് | സ്കൂൾ |
|---|---|---|---|
| തിരുവനന്തപുരം | 5 | 4 | 2 |
| കൊല്ലം | 1 | 2 | 0 |
| പത്തനംതിട്ട | 2 | 3 | 1 |
| ആലപ്പുഴ | 0 | 3 | 2 |
| കോട്ടയം | 1 | 10 | 8 |
| എറണാകുളം | 1 | 10 | 2 |
| ഇടുക്കി | 3 | 1 | 2 |
| തൃശ്ശൂർ | 1 | 7 | 2 |
| പാലക്കാട് | 0 | 1 | 1 |
| മലപ്പുറം | 2 | 2 | 1 |
| കോഴിക്കോട് | 3 | 2 | 0 |
| വയനാട് | 2 | 1 | 1 |
| കണ്ണൂർ | 2 | 5 | 2 |
| കാസർഗോഡ് | 1 | 1 | 0 |

സെക്ഷൻ ഓഫീസർ